**ചട്ടം 304 പ്രകാരം അഡ്വ.എം.സ്വരാജ്, എം.എൽ.എ ഉന്നയിച്ച "കൊച്ചി മധുര ദേശീയപാതയിലെ കുണ്ടന്നൂർ മുതൽ ബൈപാസ് ജംഗ്ഷൻ വരെയുള്ള ഭാഗത്ത് കാന നിർമ്മിക്കുന്നതിലെ തടസം നീക്കുന്നത് സംബന്ധിച്ച" സബ്മിഷന് ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രി നൽകാനുള്ള മറുപടി**

ദേശീയപാത 85-ൽ മറ്റക്കുഴി മുതൽ കുണ്ടന്നൂർ വരെയുള്ള ഭാഗത്ത് strengthening work- ന്റെ ഭാഗമായി ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന കാന നിർമ്മാണത്തിന് നിരവധി തടസ്സങ്ങളാണ് നിലവിലുള്ളത്. KWA pipeline, KSEB, BSNL കേബിളുകൾ, ഗ്യാസ് പൈപ്പ്ലൈൻ, IOC line കൂടാതെ സ്വകാര്യ കമ്പനികളുടെ കേബിളുകൾ എന്നിവ ആവശ്യമായ താഴ്ചയോ അകലമോ പാലിക്കാതെയാണ് സ്ഥാപിച്ചിരിക്കുന്നത്. ഇത് നിലവിലെ സുഗമമായ കാന നിർമ്മാണത്തിന് തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ട്. നിലവിലെ ഇത്തരം പ്രതിസന്ധികൾ പരിഹരിക്കുന്നതിനായി ഇതുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളിലെ ഉദ്യോഗസ്ഥരേയും, സ്വകാര്യ കമ്പനികളേയും ഉൾപ്പെടുത്തി ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുകയും നിലവിലെ സാഹചര്യം നേരിട്ട് ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആയതിൻ പ്രകാരം എല്ലാ വകുപ്പുകളേയും ഏകോപിപ്പിച്ചുകൊണ്ട് പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**<u>ചട്ടം 304 പ്രകാരം ശ്രീ.കെ.ബാബു, എം.എൽ.എ ഉന്നയിച്ച 'മംഗലം-ഗോവിന്ദപുരം സംസ്ഥാനപാത ദേശീയപാതയായി ഉയർത്തുന്നത് സംബന്ധിച്ച്' സബ്മിഷന് ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രി നൽകാനുള്ള മറുപടി</u>**

സംസ്ഥാനത്ത് ദേശീയപാതയായി തത്വത്തിൽ അംഗീകരിച്ച വടക്കാഞ്ചേരി - പൊള്ളാച്ചി റോഡ് (കേരളത്തിന്റെ ഭാഗമായ മംഗലം - ഗോവിന്ദപുരം സംസ്ഥാന പാത) ഉൾപ്പെടെയുള്ള ദേശീയപാതകളുടെ സാധ്യത പഠനവും പദ്ധതി രൂപരേഖകളും തയ്യാറാക്കുന്ന നടപടികളുടെ ഭാഗമായി അലൈൻമെന്റ് ഓപ്ഷനുകൾ കേന്ദ്ര റോഡ് ഹൈവേ മന്ത്രാലയത്തിൽ സമർപ്പിച്ചിട്ടുണ്ടായിരുന്നു. എന്നാൽ തത്വത്തിൽ അംഗീകരിച്ചിട്ടുള്ള ദേശീയപാതകൾ ഒന്നിന്റെയും തുടർനടപടികൾ ഇനിയൊരറിയിപ്പ് ഉണ്ടാകുന്നതുവരെ നിർത്തി വയ്ക്കുവാൻ കേന്ദ്ര റോഡ് ഹൈവേ മന്ത്രാലയത്തിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗം തുടർ നടപടികൾ നിർത്തി വച്ചിരിക്കുകയാണ്. ഇത് സംബന്ധിച്ച അന്തിമ തീരുമാനവും പൂർണ്ണമായും കേന്ദ്ര റോഡ് ഹൈവേ മന്ത്രാലയത്തിന്റേതാണ്.